# ഒന്നാം ക്ലാസ്

## ഭാഷ (മലയാളം)

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വായത്തമാക്കണമെന്ന ലക്ഷ്യത്തിലൂന്നി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടങ്ങൾ ആസൂത്രണം ചെയ്യുന്നു. സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- ലളിതമായ വായനകാർഡുകൾ രൂപീകരിക്കുന്നു-വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥ പുസ്തകം രൂപപ്പെടുത്തുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗശേഷികൾ കൈവരിക്കുന്നു.
- പാട്ടരങ്ങ് ഡിഡേഫ്സ് തിയറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടേയും സഹായത്തോടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

ജൂൺ – ചുമതല – ക്ലാസ് ടീച്ചർ.

പ്രവർത്തനങ്ങൾ

- സചിത്ര നോട്ടുബുക്ക്, സചിത്ര പാഠപുസ്തകം, സംയുക്തഡയറി തുടങ്ങിയവയെ കുറിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
- ചിത്രക്കാർഡുകൾ, വായനക്കാർഡുകൾ നിർമ്മാണം.
- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

ജൂലൈ

- സംയുക്തഡയറി എഴുതാൻ അവസരം ഒരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
- ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ ഡയറി എഴുതുന്നു
- ചെറിയ കഥകൾ കേൾക്കാൻ അവസരം നൽകുന്നു.
- വായനക്കാർഡുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്രവായനക്ക് അവസരം ഒരുക്കുന്നു.
വാചികമായി പറയുന്നു.

ഓഗസ്റ്റ്

- റീഡേഴ്സ് തീയറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കുന്നു.
- പാഠപുസ്തകത്തിലെ രചനകൾ നാടകീയമായി അവതരിപ്പിക്കുന്നു.
- അക്ഷരപ്പാട്ടുകൾ, ചിത്രവായനകാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.
- ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

# English

The goal for the first grader is to handle English fluently. The first grader must be go from small words to big words. They must be able to read, write and speak English fluently, like malayalam. We have to keep the language English close to our heart.

## Objectives and learning outcomes

- Respond to simple interactions in the class room.
- Describe orally about pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals their youngones and identifies them from pictures.

## June

- Introduce simple words.
- Provides picture cards.

## July

- Identify familiar words
- Say familiar words
- Read familiar words
- Write familiar words.

## August

- Enjoy songs and sings them with rhythm and action
- Describe orally about pictures and objects using objectives.

## ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിതം ലളിതപ്രവർത്തനങ്ങളിലൂടെയും പാട്ടുകളിലൂടെയും കഥകളിലൂടെയും ആസ്വാദ്യമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പ്രകൃതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റസംഖ്യകൾ എണ്ണിയെടുക്കുന്നു. എഴുതുന്നു. വായിക്കുന്നു.
- ഒമ്പതിൽ നിന്നും താഴെവരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തൊട്ടടുത്ത വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.
- ഒന്നു മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു. തുടർന്ന് 99 വരെയുള്ള സംഖ്യകൾ ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
- സംഖ്യാകാർഡ് നിർമ്മിക്കുന്നു.

## ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ വിധത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ആഗസ്റ്റ്

- ഒന്നു മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

# പരിസരപഠനം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ശാസ്ത്രപ്രവർത്തനങ്ങളിലൂടെ കടന്ന് പോകുന്നത് ഉത്തമമായ കാര്യങ്ങളാണ്. കുട്ടി ശാസ്ത്രീയമായ വശങ്ങൾ മനസിലാക്കി നിഗമനങ്ങളും പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി ശാസ്ത്രബോധം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## ലക്ഷ്യങ്ങൾ

- ചെടികൾ നിരീക്ഷിച്ച് വ്യത്യസ്തത ഉണ്ടെന്ന് പറയുന്നു.
- സസ്യങ്ങളുടെ ഭാഗങ്ങൾ നിരീക്ഷിച്ച് കണ്ടെത്തുന്നു ചിത്രീകരിക്കുന്നു.
- പതിപ്പുകൾ തയ്യാറാക്കുന്നു.
- പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ പട്ടികപ്പെടുത്തുന്നു.
- നിറം, രുചി, മണം, ആകൃതി, വലുപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- വിത്ത്, ഇല, പൂവ് തുടങ്ങിയവ ശേഖരിച്ച് പ്രദർശനം നടത്തുന്നു.

ജൂൺ

• പ്രകൃതി നടത്തം
• പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ.

ജൂലൈ

• ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിച്ച് തിരിച്ചറിയൽ.
• തിരിച്ചറിഞ്ഞവ പട്ടികപ്പെടുത്തൽ
• സ്കൂൾ പൂന്തോട്ട നിർമ്മാണം.

ആഗസ്റ്റ്

• ചെടികളുടെ ചിത്രങ്ങൾ ഫോട്ടോയെടുത്ത് ഗ്രൂപ്പിൽ ~~ഫോട്ടോയിടുന്നു~~ പോസ്റ്റ് ചെയ്യുന്നു.
• തിരിച്ചറിയുന്ന ചെടികൾ നിരീക്ഷിച്ച് പ്രത്യേകത പറയൽ
• സ്കൂളിലും വീട്ടിലും അടുക്കളത്തോട്ട നിർമ്മാണം.

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26

## ക്ലാസ് : 2

## അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ

1. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്കുകൾ എഴുതാൻ കഴിവ് നേടുക (മലയാളം, ഇംഗ്ലീഷ്)
2. പരിചയപ്പെടുത്തിയ വാക്കുകൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുക (മലയാളം, ഇംഗ്ലീഷ്)
3. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ ഉൾപ്പെടുന്ന രചനകൾ വായിക്കാൻ കഴിവ് നേടുക (മലയാളം, ഇംഗ്ലീഷ്)
4. രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുക.
5. സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക.
6. പരിസര പഠനവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുക
7. പരിസരപഠനവുമായി ബന്ധമുള്ള ലഘുനിർമ്മാണ പ്രോജക്ടുകളിൽ ധാരണ നേടുക.

## പ്രവർത്തനങ്ങൾ

1. ക്ലാസ് PTA
2. കുട്ടികളുടെ പ്രകടനങ്ങളും ~~പഠനങ്ങ~~
പഠനത്തെളിവുകളും ഡോക്യുമെന്റ് ചെയ്യലും
പങ്കിടലും
3. ഓരോ കുട്ടിയുടേയും പഠനപുരോഗതി വിലയിരുത്തൽ
4. കുട്ടികളുടെ സ്വയം വിലയിരുത്തലും പരസ്പര
വിലയിരുത്തലും
5. വായനോത്സവം
6. ലഹരി ബോധവൽക്കരണം.

വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി ഓരോ വിദ്യാർത്ഥിയേയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുന്നു. കുട്ടികളുടേയും അധ്യാപകരുടേയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്മുറിയേയും പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ

1. സമയബന്ധിതമായി അക്കാദമിക മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗി

തെറ്റില്ലാതെ ബാലസാഹിത്യ കൃതികൾ വായിക്കുന്നതിനും ആശയങ്ങൾ തെറ്റില്ലാതെ എഴുതാനും കഴിവ് നേടുന്നു.

2. രക്ഷിതാക്കളുടെ സഹായത്തോടു കൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരും.

3. സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് സ്വതന്ത്ര രചന നടത്താനുള്ള അവസരം ഒരുക്കുന്നു.

4. കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അറിവ് നിർമാണ പ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.

5. സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

6. സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷാകർത്താക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് PTA കൾ ശക്തിപ്പെടുത്തുന്നു.

7. സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

ജൂൺ 3 മുതൽ ജൂൺ 13 വരെ പ്രത്യേക പ്രവർത്തനങ്ങൾ

| തീയതി | വിഷയമേഖലകൾ |
|---|---|
| 3/6/25 | പൊതുവിഷയങ്ങൾ |
| 4/6/25 | റോഡ് നിയമങ്ങൾ |
| 5/6/25 | വ്യക്തിശുചിത്വം, ഹരിത ക്യാമ്പസ്, സൗന്ദര്യവൽക്കരണം |
| 9/6/25 | ആരോഗ്യം, വ്യായാമം, കായിക ക്ഷമത |
| 10/6/25 | ഡിജിറ്റൽ അച്ചടക്കം |
| 11/6/25 | പൊതുമുതൽ സംരക്ഷണം |
| 13/6/25 | ലഹരി |

പ്രവർത്തന വിശദാംശങ്ങൾ

1. വായന മധുരം

പ്രവർത്തനലക്ഷ്യം — ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു, ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിനുള്ള സാധ്യത ഒരുക്കുന്നു, ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് നയിക്കുന്നതോടൊപ്പം കുട്ടികളുടെ ആശയഗ്രഹണ വായനയിലേക്കും ഭാഷാ വികാസത്തിന് ഭാവാത്മക വായനയിലേക്കും സാധ്യതയൊരുക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു (June 2025)

തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായന ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു

ചുമതല : ക്ലാസ് ടീച്ചർ

2. സംയുക്തഡയറി

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു; സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു, ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു
ചർച്ചയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (2025 ജൂൺ ആദ്യവാരം)
ക്ലാസ് PTA യിൽ സംയുക്ത ഡയറി എഴുത്തിന് രക്ഷാകർത്താക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (June ആദ്യവാരം)
ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
കൂട്ടുകാരുടെ ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു.
സചിത്ര ഡയറി പുസ്തകരൂപത്തിലേക്ക് മാറുന്നു
ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ.

3. ഭാഷാപഠനം പരിസരപഠനത്തിലൂടെ

പരിസരപഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു; പരിസര നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത രീതിയിൽ എഴുതാൻ കഴിയുന്നു. മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു, പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം

ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

പ്രവർത്തനഘട്ടങ്ങൾ

പ്രകൃതി നടത്തം, ഫീൽഡ്ട്രിപ്പ് എന്നിവ SRG യിൽ ആസൂത്രണം ചെയ്യുന്നു. PTA യിൽ അവതരിപ്പിച്ച് പിന്തുണ നേടുന്നു.

പാഠഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. കണ്ടെത്തലുകളുടെ അവതരണം, എഴുത്ത്, എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, പതിപ്പ് തയ്യാറാക്കൽ;

ചുമതല: ക്ലാസ് ടീച്ചർ, PTA

## 4. Readers' Theatre

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്ററിൽ ഏർപ്പെടുന്നു. മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു. പാഠപുസ്തകങ്ങളിലെ സന്ദർഭങ്ങളെ Readers theatre ന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ

1. Readers' theatre SRG യിൽ ആശയം പങ്കിടുന്നു (June)

2. ക്ലാസ് PTA യിൽ Readers' theatre ആശയം പങ്കിടലും പിന്തുണ ഉറപ്പാക്കലും

3. എല്ലാ കുട്ടികളേയും പങ്കാളികളാക്കി പാഠഭാഗങ്ങൾ റീഡേഴ്സ് തിയേറ്റർ ഉപയോഗിച്ച് അവതരിപ്പിക്കൽ

(4) ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം.

ചുമതല : ക്ലാസ് ടീച്ചർ, SRG

(5) ക്ലാസ് പത്രം.

ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു, രചനാശേഷി പരിപോഷിപ്പിക്കുന്നു, വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാകുന്നു, സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾ തെറ്റില്ലാതെ എഴുതാൻ കഴിവ് നേടുന്നു. കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു; ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

പ്രവർത്തന ഘട്ടങ്ങൾ

ക്ലാസ് പത്രം പ്രവർത്തനക്രമങ്ങൾ SRG യിൽ അവതരിപ്പിക്കുന്നു.

കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു

അധ്യാപികയുടെ നേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.

ക്ലാസിൽ പത്രം തയ്യാറാക്കുന്നു

അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു

ചുമതല: ക്ലാസ് ടീച്ചർ, PTA

# വാർഷികാസൂത്രണം

| മാസം | പ്രവർത്തനങ്ങൾ | തിരഞ്ഞെടുത്ത യൂണിറ്റുകൾ |
|---|---|---|
| ജൂൺ | സന്നദ്ധതാ പ്രവർത്തനങ്ങൾ<br>ക്ലാസ് PTA<br>ക്ലാസ് വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരണം,<br>ഡോക്യുമെന്റേഷൻ | സന്നദ്ധ പ്രവർത്തനം.<br>മഴയോ മഴ<br>അടുക്കളയിലെ രൂപങ്ങൾ<br>An umbrella for all |
| ജൂലൈ | ജല പരീക്ഷണങ്ങൾ<br>ജല സംരക്ഷണ പ്രവർത്തനങ്ങൾ, കടംകഥ, സംഭാഷണം, പോസ്റ്റർ, ലൈബ്രറി പുസ്തകങ്ങളുടെ വായന തുടർച്ച | നന്നായ് ഉണ്ണാൻ<br>ഒളിച്ചേ കണ്ടേ<br>An umbrella for all |
| ആഗസ്റ്റ് | കാർഷിക ഉപകരണങ്ങൾ പ്രദർശനം, ആഹാര രീതികൾ, വായനോത്സവം | എന്താണീ സ്വാതന്ത്ര്യം<br>നല്ല നാടിനായ്<br>നല്ല നാളേക്കായ്<br>A piece of cake |

## ഗണിതം

ഗണിത പഠനം രസകരവും ആസ്വാദ്യകരവും കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന ഒരു മാർഗദർശിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ.

പ്രവർത്തനലക്ഷ്യങ്ങൾ

1. രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
2. സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
3. ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
4. 100ൽ താഴെയുള്ള ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.
5. ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത രീതിയിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
6. പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു, വ്യത്യസ്തരീതിയിൽ പ്രയോഗപ്പെടുത്തൽ.

## ആശയം

1, 2, 3, 4, .....
1, 3, 5, 7 .....
10, 20, 30, .....
5, 10, 15, 20 .....
2, 4, 6, 8 .... തുടങ്ങിയ പാറ്റേണുകളിലെ
സംഖ്യാബോധം കണ്ടെത്തൽ.
ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും
1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന
തിരിച്ചറിവ് ഉണ്ടാക്കൽ.

## ആശയതലം

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപെട്ട
മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ട-
ത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം
പറയൽ, ഗണിത കിറ്റ് എല്ലാകുട്ടികളിലും
ഉറപ്പാക്കൽ, പത്തിന്റേയും ഒന്നിന്റേയും കൂട്ട
ങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യ രൂപീകരിക്കൽ

## അറിവ്

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100
100 ഒന്നുകൾ ചേർന്നതാണ് 100.

English

Aim: To speak, read & write English wi[thout]
any mistakes.

Time: June, July, August.

June

Pretest

To develop listening skills & reading skills first.

Listening skills

Games, action songs, Hello English activities, conversations, skit, stories

Use ICT

Speaking skills.

Description, growing sentences, picture reading, picture description, self introduction, Assembly activities - speech, book review, quiz riddles, self introduction etc

July & August

Reading Skills

News paper reading, library books, reading. book review, reading breaking news, find words, collect & read rhyming words, describing words etc, textbook activities.

Writing skills

Make word web, picture description, word chain, sentence chain, make words and sentences make riddles, conversations, add more lines, develop story, description, notice, proclamation, diary, letter, announcement, maggazine.

ജി. ഡബ്ല്യു. എൽ. പി. എസ്

ഓട്ടുമല

അക്കാദമിക മാസ്റ്റർപ്ലാൻ

ക്ലാസ്സ് - 3

വിഷയം:- മലയാളം.

## ലക്ഷ്യങ്ങൾ:-

പ്രൈമറി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും.

✡ സംഘ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

✡ കവിതകളും, പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

✡ രചനകൾ ഭാവാത്മകമായി വായിക്കും.

✡ ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാവുകയും, പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.

✡ ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)

✡ കഥകളെയും, കവിതകളെയും മറ്റും നാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

✡ ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും. (വിവരണം, സംഭാഷണം)

# പ്രവർത്തനങ്ങൾ

## ജൂൺ - ജൂലായ്

* പ്രീടെസ്റ്റ് - അക്ഷരങ്ങൾ, സ്വരചിഹ്നങ്ങൾ, വാക്കുകൾ, വാക്യംനിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് കുട്ടി ഇപ്പോൾ ഏതുതലത്തിൽ എത്തിനിൽക്കുന്നു എന്ന് തിരിച്ചറിയുന്നതിനും പരിഹാരബോധനം ഉചിതമായി നടത്തുന്നതിനും.

* ചിഹ്നബുക്ക് - ഒരാഴ്ചയിലെ 2/3 ദിവസങ്ങളിൽ ക്ലാസ് അധ്യാപകൻ കുട്ടികളോടൊപ്പം ചേർന്ന് ഓരോ സ്വരചിഹ്നങ്ങൾ, അവചേർന്നു വരുന്ന വാക്കുകൾ, ആ വാക്കുകൾ ചേർത്ത് വാചകങ്ങൾ എന്നിവ തയ്യാറാക്കി നോട്ട്ബുക്കിൽ വളരുന്ന ചിഹ്നബുക്കിൽ എഴുതുകയും, വായിക്കുകയും ചെയ്യുന്ന പ്രവർത്തനം.

* വായ്ത്താരികൾ ശേഖരണം - കനകച്ചിലങ്ക എന്ന യൂണിറ്റുമായി ബന്ധപ്പെട്ട് വിവിധങ്ങളായ വായ്ത്താരികൾ ശേഖരിക്കൽ - വായ്ത്താരി പതിപ്പ് നിർമ്മാണം - വായ്ത്താരികൾ ആസ്വദിച്ചു ചൊല്ലി അവതരണം മുതലായവ.

* നാടൻപാട്ട് ശേഖരണം - വിവിധങ്ങളായ നാടൻ പാട്ടുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ → ക്ലാസ്തല സർഗ്ഗവേദിതല അവതരണങ്ങൾ.

✡ പഴഞ്ചൊൽപതിപ്പ് – നമ്മുടെ നാട്ടിൽ പ്രചാരത്തിലുള്ള പഴഞ്ചൊല്ലുകൾ ശേഖരിക്കൽ – പതിപ്പ് തയ്യാറാക്കൽ – പതിപ്പ് പ്രദർശനം – പഴഞ്ചൊല്ലിന്റെ അർത്ഥം തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭത്തിൽ പ്രയോഗം.

✡ നാടൻ കഥകൾ അവതരണം – നാടൻ കഥകൾ കണ്ടെത്തൽ – സ്വയം വായന – ഭാവാത്മക വായന.

✡ എന്റെ വിദ്യാലയം – കുറിപ്പ് തയ്യാറാക്കൽ (സമഗ്ര ഗുണമേന്മ പദ്ധതിയിലെ ബോധവത്ക്കരണ ക്ലാസിനോട് അനുബന്ധിച്ച തുടർപ്രവർത്തനം. വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കൽ – അവതരണം (ക്ലാസ്തലം)

✡ ഞാൻ കണ്ട കലാരൂപം – അനുഭവ വിവരണം തയ്യാറാക്കൽ – വിവരണം വ്യക്തിഗത അവതരണം.

✡ എന്റെ കഥ / എന്റെ കവിത / എന്റെ വര – സർഗാത്മക രചനാപുസ്തക നിർമ്മാണം ആരംഭം.

✡ ആഹാരപ്പാട്ടുകൾ – പതിപ്പ് നിർമ്മാണം.

✡ പലഹാര പ്രദർശനം.

✡ റീഡേഴ്സ് തിയേറ്റർ – കുട്ടികളുടെ അവതരണങ്ങൾ

# ആഗസ്റ്റ് - സെപ്റ്റംബർ

- സർഗാത്മക ഡയറിയെഴുത്ത്.
- കടങ്കഥാപ്പതിപ്പ് നിർമ്മാണം
- ഹരിതകർമ്മ സേനാംഗങ്ങളുമായി അഭിമുഖം.
- വളരുന്ന ചിഹ്നങ്ങൾക്ക് - പ്രവർത്തനം തുടർച്ച
- എന്റെ ഓണവിശേഷങ്ങൾ - അനുഭവക്കുറിപ്പ് തയ്യാറാക്കൽ.

G.W.L.P.S. ഓടുമല

അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്സ്-3

വിഷയം: ഇംഗ്ലീഷ്

## AIM.

To speak, Read, and write English without any mistaks.

Time: June to March.

To check the vocabulary and writing skills of pupils.

## Activities.

June and July.

✡ Pretest.

✡ To develop listening skills and reading

Listening skills:

- Games, Action songs.
- conversation.
- Skit stories.
- Use ICT

Speaking skills:

- Identify the naming words from the picture.
- Identify the action words from the picture.

- Make the simple sentences using the word about picture.
- Make simple descriptions about the picture.

- Growing sentences, picture reading Self introductions.

- August and September.

- Develop the creative speaking and writing.

Reading skills.

- Book reading (stories from class library & others)
- Find words
- Rhyming words.
- TB Activities.
- 

Writing skills.

- Make word web.
- Picture description
- Word chain
- Make words and sentences.
- Make riddles,
- conversations.
- Add more lines.

G. W. L. P. S. ഓട്ടുമല

അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്സ് - 3

വിഷയം :- പരിസരപഠനം.

## ലക്ഷ്യങ്ങൾ

✡ എല്ലാ കുട്ടികളെയും പരിസ്ഥിതി സ്നേഹികളും, പരിസ്ഥിതി സംരക്ഷകരുമാക്കി മാറ്റുക.

✡ ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം വളർത്തുകയും പരീക്ഷണങ്ങൾക്ക് പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള അവസരങ്ങൾ ക്ലാസ് തലത്തിൽ ഒരുക്കി നിരീക്ഷണ- പരീക്ഷണങ്ങളിൽ കുട്ടികളെ വ്യാപൃതരാക്കി ശാസ്ത്രബോധമുള്ളവരാക്കി മാറ്റൽ.

✡ നിരീക്ഷണം, പരീക്ഷണം എന്നിവയിലൂടെ പരിചിതമായ സസ്യങ്ങൾ തിരിച്ചറിഞ്ഞ് സസ്യഭാഗങ്ങളുടെ ധർമ്മങ്ങൾ, സസ്യഭാഗങ്ങളുടെ സവിശേഷതകൾ എന്നിവ മനസ്സിലാക്കി ശാസ്ത്രീയമായി തരംതിരിക്കൽ (വർഗ്ഗീകരണം)

✡ പാഠഭാഗ പ്രവർത്തനങ്ങൾക്ക് അനുയോജ്യമാം വിധം ജൈവവൈവിധ്യ ഉദ്യാനം (വിദ്യാലയം) നവീകരണം - പരിചരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി കുട്ടികളെ സസ്യസംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക.

✡ നമ്മുടെ പരിസരത്തെ ജൈവവൈവിധ്യം തിരിച്ചറിയൽ - മനുഷ്യനെപ്പോലെ എല്ലാജീവികൾക്കും പ്രകൃതിയിൽ സ്ഥാനമുണ്ട് എന്ന ആശയരൂപീകരണവും, മനോഭാവവും കുട്ടികളിൽ രൂപപ്പെടുത്തൽ.

## പ്രവർത്തനങ്ങൾ

### ജൂൺ - ജൂലായ്.

- പരിസര - ജൈവവൈവിധ്യ ഉദ്യാനം, നിരീക്ഷണം, ഫീൽഡ് ട്രിപ്പ് എന്നിവയിലൂടെ വൈവിധ്യങ്ങളായ സസ്യങ്ങൾ പരിചയപ്പെട്ട് സസ്യങ്ങളെ ശാസ്ത്രീയമായി വർഗീകരിക്കുന്നു.
- ഇലപ്പതിപ്പ് നിർമാണം.
- ഒരു ചെടിയുടെ വളർച്ചാഘട്ടങ്ങൾ നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ.
- പരീക്ഷണത്തിൽ ഏർപ്പെടൽ - സസ്യഭാഗങ്ങളുടെ ധർമങ്ങൾ
- സസ്യസംരക്ഷണ പോസ്റ്റർ നിർമാണം.
- പൂക്കളുടെ ക്ലാസ്തല പ്രദർശനം.

### ആഗസ്റ്റ്

- ഒറിഗാമി - ജീവികളുടെ ഒറിഗാമി രൂപനിർമാണം - പ്രദർശനം.
- ചിത്രപതിപ്പ് - ആഹാരരീതി, സഞ്ചാരരീതി എന്നിവയുടെ അടിസ്ഥാനത്തിൽ ചിത്രപതിപ്പ് നിർമാണം - പ്രദർശനം.

✡ എന്റെ വീട്ടിലെ ഓമനമൃഗങ്ങൾ (my pet)
വീഡിയോ തയ്യാറാക്കൽ - ക്ലാസ് ഗ്രൂപ്പിൽ പങ്കിടൽ.

✡ ചിത്രപ്പതിപ്പ് - കുട്ടികൾ വരച്ച് നിറം നൽകിയ
ചിത്രശലഭങ്ങളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തിയ
ചിത്രപതിപ്പ് നിർമാണം - പ്രദർശനം.

✡ വീഡിയോ, ചിത്രീകരണം എന്നിവയിലൂടെ
ചിത്രശലഭത്തിന്റെ ജീവിതഘട്ടങ്ങൾ മനസ്സിലാക്കൽ
- കുട്ടികളുടെ വ്യക്തിഗതമായ ചിത്രീകരണം.

/

G.W.L.P.S. ഓട്ടുമല

അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്സ് - 3.

വിഷയം :- ഗണിതം.

## ലക്ഷ്യങ്ങൾ

- സംഖ്യകൾ എഴുതുവാനും, വായിക്കുവാനും തിരിച്ചറിയാനുമുള്ള ശേഷി വികസിപ്പിക്കൽ (1- 1000)
- അടിസ്ഥാന ഗണിതക്രിയകളിൽ കുട്ടികളെ പ്രാവീണ്യമുള്ളവരായി മാറ്റുക.
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി പ്രശ്നനിർധാരണത്തിന് അവസരമൊരുക്കുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിഞ്ഞ് വിവിധ ചിത്രരൂപീകരണത്തിലൂടെ ഗണിത പഠനം ആസ്വാദ്യകരമാക്കുക.
- നാണയങ്ങളും, കറൻസികളും ഉപയോഗിച്ചുള്ള ക്രയവിക്രയങ്ങൾ ചെയ്യുന്നതിനുള്ള ആത്മവിശ്വാസം കുട്ടികളിൽ വർദ്ധിപ്പിക്കുക.
- ചുറ്റുപാടുകൾ നിരീക്ഷിച്ച് പാറ്റേണുകൾ കണ്ടെത്തൽ അവയുടെ സൗന്ദര്യം ആസ്വദിക്കൽ - വരകളിലൂടെ ആവിഷ്കരിക്കൽ.
- മൂന്നക്ക സംഖ്യകൾ - സ്ഥാനവില, സംഖ്യാവ്യാഖ്യാനം, സംഖ്യാ പ്രത്യേകതകൾ എന്നിവ കണ്ടെത്തുന്നു.

## പ്രവർത്തനങ്ങൾ

### ജൂൺ

- പ്രീ-ടെസ്റ്റ്
- സംഖ്യാബോധം- പിന്തുണാ പ്രവർത്തനങ്ങൾ
- രൂപനിർമാണം - ചതുരം, വൃത്തം, ത്രികോണം എന്നിവ വരയ്ക്കൽ, കളർ പേപ്പറുകളിൽ രൂപങ്ങൾ വെട്ടിയെടുത്ത് ഒട്ടിച്ചു ചേർക്കൽ, പലതരം ജ്യാമിതീയ രൂപങ്ങൾ ചേർത്ത് ചിത്രം വരയ്ക്കൽ - പ്രദർശനം (ക്ലാസ്തലം - ഗ്രൂപ്പുകളിലേക്ക്)
- വെജിറ്റബിൾ പ്രിന്റിംഗ് (വ്യക്തിഗത പ്രവർത്തനം)
- ചിത്രപാറ്റേൺ നിർമാണം. (ജ്യാമിതീയരൂപങ്ങൾ)

### ജൂലൈ

- ടാൻഗ്രാം ഉപയോഗിച്ച് വിവിധ രൂപങ്ങളുടെ നിർമാണം- പ്രദർശനം.
- തീപ്പെട്ടിക്കമ്പ് പസിലുകൾ
- സംഖ്യാ ടിവി നിർമിതി- സംഖ്യാ നിർമാണം.
- 100ന്റെ ഗുണിതങ്ങളുടെ സംഖ്യാകാർഡ് നിർമാണം
- സംഖ്യാ വ്യാഖ്യാനത്തിന് സഹായകരമായ പേപ്പർ സ്ട്രിപ്പുകൾ തയ്യാറാക്കൽ

* എന്റെ കണക്കുപെട്ടി - ക്ലാസ്തല ക്രമീകരണം.
* കളിനോട്ടുകളും, നാണയങ്ങളും ഉപയോഗിച്ചുള്ള പ്രശ്ന നിർധാരണ പ്രവർത്തനങ്ങൾ (വ്യക്തിഗത കളിനോട്ട്, നാണയ നിർമ്മിതി)
* സംഖ്യാപാറ്റേണുകൾ തയ്യാറാക്കൽ
* സംഖ്യാമാല നിർമാണം.

## ആഗസ്റ്റ്

* സംഖ്യാസൂര്യൻ - പൂർത്തീകരണം.
* കൂട്ടുകാരെ കണ്ടെത്താം - സംഖ്യാ സ്ട്രിപ്പുകൾ ഉപയോഗിച്ച് സംഖ്യാ വ്യാഖ്യാനത്തിനും, സംഖ്യാനിർമാണത്തിനുമുള്ള പ്രവർത്തനം.
* അരവിന്ദ് ഗുപ്ത സംഖ്യാകാർഡ് നിർമാണം
* അബാക്കസ് നിർമാണം.
* സംഖ്യാകടങ്കഥ നിർമാണം (100-1000വരെ)
* 

G.W.L.P.S. ഓട്ടുമല

അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്സ് - 3

വിഷയം ; കലാവിദ്യാഭ്യാസം.

## ലക്ഷ്യം.

- കുട്ടികളിൽ കലാഭിരുചിയും താല്പര്യവും വളർത്തൽ
- കലാപഠനത്തിലൂടെ വിദ്യാലയങ്ങൾ ആനന്ദകരമാക്കൽ

## പ്രവർത്തനങ്ങൾ

### ജൂൺ – ജൂലായ്

- കവിത താളാത്മകമായി ചൊല്ലി അവതരിപ്പിക്കൽ.
- റോൾപ്ലേ
- വായ്ത്താരികൾ, നാടൻപാട്ടുകൾ എന്നിവയുടെ അവതരണം.
- ചിത്രരചന (പാഠപുസ്തകവുമായി ബന്ധപ്പെട്ടും അല്ലാതെയും)
- ആകർഷകമായ പോസ്റ്റർ നിർമാണം (ദിനാചരണങ്ങളോട് അനുബന്ധിച്ചും, പാഠഭാഗവുമായി ബന്ധപ്പെട്ടും)
- കഥ അവതരണം.
- ആഗസ്റ്റ്

- ലഘു നാടകാവതരണം (റോൾപ്ലേ)
- ചിത്രംവര (ഞാനും എന്റെ നാടും), തൊഴിൽ സന്ദർഭങ്ങൾ)
- കവിതാലാപനം.

മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭാഷാപര പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട്. |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന. | വർഷം മുഴുവൻ | HM<br>SRG<br>Class teacher<br>CPTA | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയെടുക്കൽ | പ്രതിമാസം | SRG<br>Class teacher | PTA |

| | | | | |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class teacher | PTA |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class teacher | PTA. |

| | | | | |
|---|---|---|---|---|
| ലേഖനശേഷിവർദ്ധിപ്പിക്കൽ<br>സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി കത്തെഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class teacher | |
| അറിവ് ഡോക്യുമെന്ററികളിലൂടെ നേടൽ | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class teacher | PTA |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷണമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG, Class teacher, PTA | |
| സാഹിത്യകാരന്മാരുടെ ജന്മ - ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ - അടുത്തറിയൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം. | ആവശ്യാനുസരണം. | SRG<br>Class teacher<br>CPTA | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കോർണർ. | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനക്കുറിപ്പ് പുസ്തക പരിചയം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ.<br>ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ | വായനാ മത്സരം, രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാലം | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ. |

| | | | | |
|---|---|---|---|---|
| | ആക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling.) | | | |
| ഇംഗ്ലീഷ് മാഗസിൻ. | | | | |
| സർഗാത്മകതാ രചനശേഷി വികസനം. | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM, Class teacher, SMC | SMC |
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |

## ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ. അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക് | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി ഇംഗ്ലീഷ് ഭാഷാ പഠനം. | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 3 ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ. | |
| ഇംഗ്ലീഷ് തിയേറ്റർ ഇംഗ്ലീഷ് ഭാഷാ പഠനം | | | | |
| സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങ | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | |

കളിക്കാം ഗണിക്കാം.

| ലക്ഷ്യം. | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ - മൂല്യ നിർണയം. സങ്കലനം, വ്യവകലനം | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനം പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിതചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പഠനഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാട്ടുകൾ പഠനോപകരണങ്ങളുടെ പ്രദർശനം. | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

പ്രക്യത്തി നടത്താം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം അറിവുനിർമാണം | ഉൽപാദനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം. | HM<br>CPTA | PTA |
| ശാസ്ത്രമേള | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ. അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് ശാസ്ത്ര വേദികൾ പ്രവർത്തനങ്ങൾ, ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം. | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ. |

| | | | | | |
|---|---|---|---|---|---|
| ഭൂപടമൊരുക്കാം. | | | | | |
| കേരളം, ഇന്ത്യ - ഭൂപടവായന - സൂചിക പരിചയപ്പെടൽ | ഭൂപടവായന, ഭൂപട രചന, സൂചികാനിർമ്മാണം, ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA | |
| ശാസ്ത്ര വിസ്മയ ചുമർ. | | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം. | SRG ക്ലാസ് ടീച്ചർ | PTA | |
| ശാസ്ത്രോത്സവം | | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG ക്ലാസ് ടീച്ചർ | PTA | |
| ശാസ്ത്രമാസിക | | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG ക്ലാസ് ടീച്ചർ | PTA | |